**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**2021 ജനുവരി 13, ബുധൻ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**മെഡിസെപ് പദ്ധതി**

**ചോദ്യം : 510**
**ശ്രീമതി പി. അയിഷാ പോറ്റി**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | മെഡിസെപ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പുനരാരംഭിച്ചതിന്റെ ഭാഗമായി പുതുക്കിയ Request For Proposal (RFP) പ്രസിദ്ധീകരിക്കുകയും തുടർന്നുള്ള റീ-ടെൻഡർ നടപടികളിൽ പങ്കെടുത്ത 5 ഇൻഷ്വറൻസ് കമ്പനികളുടെ technical bid -കളുടെ പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഭാഗമാകാനുള്ള ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പുനരാരംഭിച്ചതിന്റെ ഭാഗമായി പുതുക്കിയ Request For Proposal (RFP) പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെൻഡറിംഗിൽ പങ്കെടുത്ത അഞ്ച് ഇൻഷ്വറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനു വേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകളുടെ (technical bids) പരിശോധന Technical Evaluation Committee പൂർത്തിയാക്കിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് എന്നു മുതൽ ലഭ്യമാക്കാൻ സാധിക്കും എന്നാണ് നിലവിൽ പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ? | പദ്ധതി നടപ്പിലാക്കുന്നതിന് ധനകാര്യ ബിഡിലൂടെ ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കൽ, ഹോസ്പിറ്റൽ എംപാനൽമെന്റ്, തിരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായുള്ള കരാർ ഉടമ്പടി ഒപ്പ് വയ്ക്കൽ തുടങ്ങിയ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭ്യമായി തുടങ്ങുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**